13/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1547*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13589**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.മദനൻ ടി.വി.,
മുട്ടിച്ചരൽ,
ഇരിയ, കാസറഗോഡ്,
പിൻ - 671 531. } **അപ്പീൽ ഹർജിക്കാരൻ**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സൂപ്രണ്ട് ഓഫ് പോലീസ്,
പോലീസ് ടെലികമ്മ്യൂണിക്കേഷൻ ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
പോലീസ് ടെലികമ്മ്യൂണിക്കേഷൻ ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07.10.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.11. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 25.11.2020 |
| ഹിയറിംഗ് നടന്ന തീയതി | 27.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 20.07.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 21.08.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ അടങ്ങിയ രേഖയിൽ 16 പേജുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിന് പേജൊന്നിന് 2/- രൂപ നിരക്കിൽ 32 രൂപ(16X2) ഏതെങ്കിലും ട്രഷറിയിൽ ഒടുക്കി ചെലാൻ രസീത് ടി ഓഫീസിൽ സമർപ്പിക്കണമെന്നാണ് അിറയിച്ചത്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 07.10.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 28.08.2020ന് സമർപ്പിച്ച അപ്പീൽ അപേക്ഷ 22.09.2020 തീയതിയിൽ ടി ഓഫീസിൽ ലഭിച്ചുവെന്നും ടി അപ്പീലിനു കാരണമായ 20.07.2020ന് സമർപ്പിച്ച അപേക്ഷ 27.07.2020ന് ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതും ടി അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന രേഖകൾ നൽകുന്നതിന് 32/- രൂപ ട്രഷറിയിൽ അടച്ച് രസീത് സമർപ്പിക്കുവാൻ 21.08.2020ന് എസ്പിഐ.ഒ. അറിയിച്ചിട്ടുണ്ടെന്നാണ്. വിവരാവാകാശ നിയമപ്രകാരം ഹർജിക്കാരന് അനുബന്ധ രേഖകൾ/വിവരങ്ങൾ അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം നൽകേണ്ടതാണെന്നാണ്. ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ പ്രകാരം 16 പേജുകൾ അടങ്ങിയ രേഖകൾ മാത്രമാണ് നൽകുവാനുള്ളതെന്നും ടി പണമടച്ച രസീത് സമർപ്പിക്കാൻ സമയപരിധിയ്ക്കകം തന്നെ ഹർജിക്കാരനോട് ടി ഓഫീസിലെ എസ്.പി.ഐ.ഒ. അറിയിച്ചിട്ടുള്ളതുമാണെന്നാണ്. എന്നാൽ യഥാസമയം പണമടച്ച രസീത് ഹാജരാക്കിയിട്ടില്ലെന്നും മാത്രമല്ല 28.08.2020 തീയതിവെച്ച് ഒപ്പിട്ട അപ്പീൽ 22.09.2020നു ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതായും കാണുന്നുവെന്നാണ്.

ആയതിനാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ പ്രകാരമുള്ള രേഖകൾ 32 രൂപ ട്രഷറിയിൽ ഒടുക്കി രസീത് സമർപ്പിച്ച് കൈപ്പറ്റാവുന്നതാണെന്ന വിവരം അറിയിക്കുന്നുവെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. എന്നാൽ കോവിഡ് മഹാമാരി സമയത്താണ് അപേക്ഷ ലഭിച്ചതെന്നും ടിയാന് മറുപടി നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ. കമ്മീഷനെ ബോധിപ്പിച്ചു. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് നൽകിയ മറുപടി വിവരാവകാശ നിയമം സെക്ഷൻ 7(8)(ii)(iii) പ്രകാരമല്ലാത്തതിനാൽ ഒന്നാം എതിർകക്ഷിയെ താക്കീതു ചെയ്യുന്നു.

കൂടാതെ ടിയാനു രേഖകൾ സൗജന്യമായി അയച്ചുകൊടുക്കണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 16–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION THIRUVANANTHAPURAM